LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

2011 ഫെബ്രുവരി 17, വ്യാഴം

വാല്യം 145| ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 8

നിയമസഭ 2011 ഫെബ്രുവരി മാസം 17-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ, ഓർഡർ.....ചോദ്യം നമ്പർ * 151

പാൽ, മുട്ട, ഇറച്ചി എന്നിവയുടെ ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിന് പദ്ധതികൾ

1 (*151) ശ്രീ. കെ. രാജു:
ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. കെ. അജിത്:
ശ്രീ. രാജാജി മാത്യു തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രതിദിനം ആവശ്യമായ പാൽ, മുട്ട, ഇറച്ചി എന്നിവയുടെ അളവ് എത്രയെന്നും ഇവയുടെ പ്രതിദിന ഉൽപ്പാദനം എത്രയെന്നും വ്യക്തമാക്കുമോ;

(ബി) ഇവയുടെ ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിന് ഈ ഗവൺമെന്റ് സ്വീകരിച്ച് നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതികളെല്ലാം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ?

2/777/2020

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): സർ,

(എ)	പാൽ (ലക്ഷം ലിറ്റർ)	മുട്ട (ലക്ഷം)	മാംസം (ടൺ)
പ്രതിദിന ആവശ്യം	78.86	140	840
പ്രതിദിന ഉൽപ്പാദനം	69.5	44.6	602

(ബി). സംസ്ഥാനത്ത് പാൽ, മുട്ട, ഇറച്ചി എന്നിവ ഉൽപ്പാദിപ്പിക്കാൻ ഈ സർക്കാർ മൊത്തം 456 കോടി രൂപ ചെലവിൽ വിവിധ പദ്ധതികൾ നടപ്പിലാക്കി പൂർത്തീകരിച്ചു വരുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) പ്രസ്തുത പദ്ധതികളെല്ലാംതന്നെ പദ്ധതി നടത്തിപ്പിന്റെ പൂർത്തീകരണ ഘട്ടത്തിലാണ്.

ശ്രീ. കെ. രാജു: സർ, പാൽ, മുട്ട, ഇറച്ചി എന്നിവയുടെ ഉൽപ്പാദനത്തിൽ വലിയൊരു മുന്നേറ്റം നടത്താൻ ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ കഴിഞ്ഞിട്ടുണ്ട്. കെപ്കോ ഒരു ചെറിയ കോർപ്പറേഷനാണെങ്കിലും ഇപ്പോൾ ജനങ്ങളുടെയെല്ലാം ശ്രദ്ധ പിടിച്ചുപറ്റാൻ കഴിയുന്ന നിലയിൽ അതിന്റെ പ്രവർത്തനം നടക്കുന്നുണ്ട്. കെപ്കോയുടെ വിൽപ്പന കേന്ദ്രങ്ങളും അതുപോലെ മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡിന്റെ വിൽപ്പന കേന്ദ്രങ്ങളും എല്ലാ താലൂക്ക് കേന്ദ്രങ്ങളിലും ആരംഭിക്കുന്നതിനുള്ള നടപടി അങ്ങ് സ്വീകരിക്കുമോ?

ശ്രീ. സി. ദിവാകരൻ: സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ ആ നിർദ്ദേശം സ്വാഗതാർഹമാണ്. ഗവൺമെന്റ് മാവേലി സ്റ്റോറുകളുമായും മറ്റ് ഔട്ട്ലെറ്റുകളുമായും ബന്ധപ്പെടുത്തി എം.പി.എ.-യുടെയും കെപ്കോയുടെയും ഔട്ട്ലെറ്റുകൾ സംയുക്തമായി പ്രവർത്തിപ്പിക്കാനുള്ള ഒരു പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്.

ശ്രീ. കെ. രാജു: സർ, പാലുൽപ്പാദനത്തിന്റെ ഭാഗമായി എന്റെ മണ്ഡലത്തിലെ കുളത്തൂപ്പുഴയിൽ ഹൈടെക് ഡയറി ഫാം അങ്ങയുടെ കാലഘട്ടത്തിൽ ആരംഭിച്ച് പ്രവർത്തനം തുടങ്ങിയിരിക്കുകയാണ്. അതിനോടനുബന്ധിച്ച് സാറ്റലൈറ്റ് ഫാം ഡയറി യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള ഒരു പദ്ധതി വിഭാവനം ചെയ്തിട്ടുള്ളതാണ്. അതായത് കർഷകർക്ക് നല്ലയിനം പശുക്കളെയും പശുക്കുട്ടികളെയും കൊടുക്കുന്നതിനുവേണ്ടി ഫാമിന് ചുറ്റുമുള്ള കർഷകർക്ക് സാറ്റലൈറ്റ് ഫാമുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതി അടിയന്തിരമായി നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

*അനുബന്ധം - I

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. ദിവാകരൻ: സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ മണ്ഡലത്തിലാണ് ഒരുപക്ഷേ ഇന്ത്യയിലാദ്യമായി പൊതുമേഖലയിൽ ഒരു ഹൈടെക് ഡയറി ഫാം വന്നത്. അതിന്റെ പ്രവർത്തനം വിജയകരമായി മുന്നോട്ട് നീങ്ങുന്നതിനുമുമ്പ് ഉടനേതന്നെ സാറ്റലൈറ്റ് ഫാം കൂടി വേണമെന്ന് പറയുന്നത് അദ്ദേഹത്തിന്റെ ഒരു ആഗ്രഹമാണ്. പക്ഷേ അവിടെ സാറ്റലൈറ്റ് ഡയറി ഫാമുകളുണ്ടാകും.

ശ്രീമതി ഇ. എസ്. ബിജി മോൾ: സർ, പാൽ, മുട്ട, ഇറച്ചി എന്നിവയുടെ ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുകയെന്ന ലക്ഷ്യത്തോടുകൂടി, ദീർഘവീക്ഷണത്തോടെ അഞ്ച് പദ്ധതികൾ തയ്യാറാക്കുകയും അത് ഏതാണ്ട് വിജയം കണ്ടുതുടങ്ങുകയും ചെയ്തിട്ടുണ്ട്. അതിന്റെ ഭാഗമായി, കാലിത്തീറ്റ ഫാക്ടറികൾ അടക്കമുള്ള നിരവധി പദ്ധതികൾ സംസ്ഥാനത്ത് നിലവിൽ വന്നുകഴിഞ്ഞു. എന്നാൽ ക്ഷീര കർഷകരെ സംബന്ധിച്ചിടത്തോളം അവർ ഇന്നും നഷ്ടത്തിൽ തുടരുന്ന സാഹചര്യമുണ്ട്. അഞ്ച് വന്നതിനുശേഷം അഞ്ചുതവണ പാലിന് വില വർദ്ധന നൽകിയെങ്കിൽപ്പോലും അവർക്ക് ലാഭകരമായി കൃഷി കൊണ്ടുപോകാൻ കഴിയാത്ത സാഹചര്യമുണ്ട്. അതിന്റെ കാരണം കാലിത്തീറ്റയുടെ വിലയിലുണ്ടാകുന്ന വർദ്ധനവാണ്. ഇപ്പോൾ അവർക്ക് കൊടുത്തുകൊണ്ടിരിക്കുന്ന 50 പൈസ സബ്സിഡി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. സി. ദിവാകരൻ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ക്ഷീര കർഷകരുടെ പ്രശ്നങ്ങളാണ്. അവർക്ക് ഈ തൊഴിൽ വിജയകരമായി മുന്നോട്ട് കൊണ്ടുപോകാൻ കഴിയുന്ന തരത്തിൽ എല്ലാ അടിസ്ഥാന സൗകര്യങ്ങളും ചെയ്തിട്ടുണ്ട്. കേന്ദ്ര-സംസ്ഥാന സഹായങ്ങളുടെ അടിസ്ഥാനത്തിൽ കഴിഞ്ഞ അഞ്ചുവർഷമായി 456 കോടി രൂപ ഡയറി സെക്ടറിലേക്കുമാത്രം വഴിച്ചിട്ടുണ്ട്. ആദ്യമായി കേരളത്തിൽ ക്ഷീര കർഷകർക്ക് കാലിത്തീറ്റ സബ്സിഡി നൽകിയത് ഈ ഗവൺമെന്റാണ്. ആ സബ്സിഡി വർദ്ധിപ്പിക്കുന്നതിനായി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റിൽ ആറുകോടി രൂപ മാറ്റിവച്ചിട്ടുണ്ട്.

ശ്രീ. കെ. അജിത്: സർ, അഞ്ച് ക്ഷീര വകുപ്പിന്റെ ചുമതലയേറ്റതിനു ശേഷം സംസ്ഥാനത്ത് പാലിന്റെ ഉൽപ്പാദനം വർദ്ധിച്ചിട്ടുണ്ട്. സംസ്ഥാനത്ത് മായംചേർത്ത പാലുകൾ വന്നുകൊണ്ടിരുന്നത് ഗവൺമെന്റ് നിയന്ത്രിക്കുന്നുമുണ്ട്. എന്നാൽ നിലപാടുകൾ കർക്കശമാക്കി അന്യസംസ്ഥാനത്തുനിന്ന് പേരുമാറി പുതിയ രൂപത്തിലും ഭാവത്തിലും മായംചേർത്ത പാൽ വരുന്നത് തടയുന്നതിനും ജനങ്ങളെ സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ശ്രീ. സി. ദിവാകരൻ: സർ, ഈ വിഷയം സംബന്ധിച്ച് സഭയിൽ ഇതിനുമുമ്പുതന്നെ ഗവൺമെന്റിന്റെ നിലപാട് വ്യക്തമാക്കിയിട്ടുള്ളതാണ്. കാര്യക്ഷമമായി പാൽ പരിശോധനകൾ ലാബുകളിൽ നടക്കുന്നുണ്ട്. മൊബൈൽ ലാബുകളുണ്ട്. അന്യസംസ്ഥാനങ്ങളിൽ നിന്നുവരുന്ന പാലിലാണ് പരാതികൾ സ്വാഭാവികമായി വരുന്നത്. എല്ലാ ചെക്കുപോസ്റ്റുകളിലും ഡയറി ഫാമിന്റെ ഉദ്യോഗസ്ഥൻമാരടങ്ങുന്ന സ്ക്വാഡുകൾ പ്രവർത്തിക്കുന്നുണ്ട്. നിരോധിക്കപ്പെട്ട പാലുകളുടെ ബ്രാൻഡ് നെയിമിൽ മാറ്റം വരുത്തി വിതരണം ചെയ്യുന്നത് തടയുന്നതിന് നിയമം ഭേദഗതി ചെയ്യാൻ ആലോചിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മാജാജി മാത്യു തോമസ്: സർ, മൃഗസംരക്ഷണ മേഖലയിൽ വൻതോതിൽ commercial intervention നടക്കുന്നത് പല തരത്തിലുള്ള പ്രശ്നങ്ങൾക്കും നൂതനമായിട്ടുള്ള രോഗങ്ങൾക്കും ഇടവരുത്തിയിട്ടുണ്ട്. കേരളത്തിൽ ഗ്രീൻ കേരള എക്സ്പ്രസ്സുമായി ബന്ധപ്പെട്ട് മന്നാംസ്ഥാനം നേടിയ എലപ്പുള്ളി പഞ്ചായത്ത് ചില മാതൃകകൾ കൊണ്ടുവന്നിട്ടുണ്ട്. അതിൽ വെച്ചൂർ പശു, പീരുമേട് ഗാർഫ് തുടങ്ങി തദ്ദേശീയമായ ഇനങ്ങളെ വ്യാപകമായി പ്രോത്സാഹിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള പദ്ധതി വഴി വൻതോതിൽ പാലുൽപ്പാദനം വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. അത്തരം മാതൃകകൾ വ്യാപകമാക്കുന്നതിന് മൃഗസംരക്ഷണ വകുപ്പ് എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. സി. ദിവാകരൻ: സർ, നാടൻ ഇനം പശുക്കളുടെ അംഗസംഖ്യ വർദ്ധിപ്പിക്കാനുള്ള എല്ലാ സംവിധാനങ്ങളും എടുത്തിട്ടുണ്ട്. പക്ഷേ എന്തെല്ലാം പരീക്ഷണം നടത്തിയാലും അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്ന പാലിന്റെ ഡിമാന്റനുസരിച്ച് നാടൻ പശുക്കളുടെ പരീക്ഷണംമാത്രം തുടർന്നുകൊണ്ടുപോയിട്ട് കാര്യമില്ല ആധുനിക യുഗത്തിൽ ലോകത്താകെതന്നെ ഓർഗനൈസ്ഡായിട്ടുള്ള സെക്ടറിലേക്ക് പാലുൽപ്പാദനം മാറിക്കൊണ്ടിരിക്കുകയാണ്. അതിന്റെയൊരു പരീക്ഷണമാണ് ഇപ്പോൾ കുളത്തുപ്പുഴയിൽ ആരംഭിച്ചിട്ടുള്ള പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് കോലാഹലമേട്ടിലും മാട്ടുപ്പെട്ടിയിലും ഇന്ത്യയിലെ ഏറ്റവും ആധുനികമായ സജ്ജീകരണങ്ങളോടുകൂടിയ ഹൈടെക് ഡയറി ഫാമുകൾ വരികയാണ്. ഇപ്പോൾ നാട്ടിൻപുറങ്ങളിൽ പഴയതുപോലെ വെച്ചൂർ പശു വളരെ അപൂർവ്വമാണ്. അങ്ങ് സിൻഡിക്കേറ്റ് മെമ്പറായിരിക്കുന്ന അഗ്രികൾച്ചർ കോളേജിൽതന്നെ കാഴ്ചവസ്തുവായി അഞ്ചാറ് വെച്ചൂർ പശുക്കളെയും വച്ചുകൊണ്ട് അരനൂറ്റാണ്ടുകാലമായി ഇരിക്കുകയാണ്. അതിൽ യാതൊരു വർദ്ധനവും ഉണ്ടായിട്ടില്ല. വെച്ചൂർ പശുക്കളെ പോപ്പുലറൈസ് ചെയ്യാൻ ഗവൺമെന്റ് ഇപ്പോഴാണ് തീരുമാനമെടുത്തിട്ടുള്ളത്. അഗ്രികൾച്ചർ കോളേജ് ആദ്യം അത് ചെയ്യട്ടെ.

ശ്രീ. വി. ഡി. സതീശൻ: സർ, കേരളത്തിൽ ഈ സമീപകാലത്ത് ക്ഷീര കാർഷിക മേഖലയിൽ നിരവധി കേന്ദ്ര പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങളുടെ ഭാഗമായി പ്രോജക്ടുകൾ നടപ്പിലാക്കുന്നുണ്ട്. പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടക്കുന്നതിനോടൊപ്പംതന്നെ കൂടുതൽ ആളുകൾ ഈ മേഖലയിലേക്ക് ആകർഷിക്കപ്പെടുകയും വേണം. യഥാർത്ഥത്തിൽ ഒരുപാട് ആളുകൾ ക്ഷീര കാർഷിക മേഖലയിൽനിന്നും പിന്നോക്കം പോയിക്കൊണ്ടിരിക്കുകയാണ്. കാരണം ഇത് ലാഭകരമല്ലാത്ത രീതിയിലേക്ക് വന്നുകൊണ്ടിരിക്കുന്നു. പുല്ലും വയ്ക്കോലുമുണ്ടായിരുന്ന കാലത്ത് കാലിത്തീറ്റ വേണ്ടായിരുന്നു. പാലിന്റെ വില വർദ്ധിക്കുന്നതിനോട് ആനുപാതികമായിതന്നെ അല്ലെങ്കിൽ അതിനേക്കാൾ കൂടുതലായി കാലിത്തീറ്റയുടെ വില വർദ്ധിക്കുന്നതുകൊണ്ട് ക്ഷീര കർഷകരെ സംബന്ധിച്ചിടത്തോളം ഇത് ലാഭകരമല്ലാത്ത രീതിയിലേക്ക് പോകുകയാണ്. അതുകൊണ്ട് കാലിത്തീറ്റയുടെ വിപണിയിൽ ഏറ്റവും കൂടുതൽ ഷെയർ

സർക്കാരിന് കൈവരിക്കാനും അതുവഴി കാലിത്തീറ്റയുടെ മാർക്കറ്റ് വില നിയന്ത്രിക്കാനും ക്ഷീര കർഷകർക്ക് കൂടുതൽ സബ്സിഡി കൊടുത്ത് ഇതിനെ ലാഭകരമാക്കാനുമുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ?

<u>ശ്രീ. സി. ദിവാകരൻ:</u> സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. വി. ഡി. സതീശൻ പറഞ്ഞത് ശരിയാണ്. കേരളത്തിൽ കഴിഞ്ഞ നാല് വർഷം കൊണ്ട് ക്ഷീരമേഖലയുടെ വികസനത്തിനായി 210 കോടി രൂപയുടെ പ്രോജക്ടുകൾക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരവും പണവും ലഭിക്കുകയും അതെല്ലാം ഇവിടെ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. അതോടൊപ്പം തന്നെ 240 കോടി രൂപ സംസ്ഥാന ഗവൺമെന്റിന്റെതായുണ്ട്. 400 കോടിയിൽപ്പരം രൂപയുടെ ആനുകൂല്യങ്ങൾ ക്ഷീരകർഷകർക്ക് അവരുടെ പെൻഷനായിട്ടും മറ്റും ലഭ്യമാക്കിയിട്ടുണ്ട്. ആദ്യമായിട്ട് ഇൻസെമിനേഷൻ പരിപൂർണ്ണമായും സൗജന്യമാക്കി. ഏഴ് കോടി രൂപയുടെ ലാഭം ഉണ്ടായി. ഏകദേശം 58000 പശുക്കളെ വാങ്ങി പല പദ്ധതികളിലായി വിതരണം ചെയ്തിട്ടുണ്ട്. ക്ഷീര കർഷകരുടെ പെൻഷൻ വർദ്ധിപ്പിച്ചിട്ടുണ്ട്. ധാരാളം ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. എന്നാലും ഇത് ലാഭകരമല്ല എന്നുള്ള കൃഷിക്കാരുടെ ഒരു ശബ്ദമാണ് ശ്രീ. വി. ഡി. സതീശൻ വഴി കേട്ടത്. അതിന് പരിഹാരം കാണാൻ രണ്ട് വഴികളേയുള്ളു. അതോടൊപ്പം തന്നെ കാലിത്തീറ്റയ്ക്ക് സബ്സിഡി കൊടുക്കാതെ കാലിത്തീറ്റ ഏറ്റവും വില കുറച്ച് അവർക്ക് കൊടുക്കണം. കാലിത്തീറ്റയുടെ ഉൽപ്പാദനത്തിന് കേരളത്തിലാകെ ഇതുവരെയുണ്ടായിരുന്നത് ഗവൺമെന്റ് ഫാക്ടറിയായ കല്ലേറ്റുങ്കരയിലുള്ള ഒറ്റ ഫാക്ടറിയാണ്. ഇപ്പോൾ രണ്ടാമത് ഒരു ഫാക്ടറികൂടി ഉദ്ഘാടനം ചെയ്തിട്ടുണ്ട്. അവിടെ പ്രതിദിനം 300 ടൺ ഉൽപ്പാദനം നടത്തുന്നുണ്ട്.

<u>മി. സ്പീക്കർ:</u> അത് കരുനാഗപ്പള്ളിയിലായിരിക്കും.

<u>ശ്രീ. സി. ദിവാകരൻ:</u> അതോടുകൂടി കാലിത്തീറ്റയുടെ സബ്സിഡിയും വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പരമാവധി പുതിയ ആളുകളെ ഈ രംഗത്തേക്ക് ആകർഷിക്കാനുള്ള എല്ലാ പദ്ധതികളും ആവിഷ്ക്കരിക്കും.

<u>ശ്രീ. എ. സി. മൊയ്തീൻ:</u> സർ, ഈ മേഖലയിൽ ഗവൺമെന്റ് ഫാമുകളുടെ ഇടപെടലിനെ സംബന്ധിച്ചും പുതിയ ഫാമുകൾ ആരംഭിച്ചതിനെ സംബന്ധിച്ചും ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഗവൺമെന്റ് ഫാമുകളിൽ പണിയെടുക്കുന്ന ദിവസവേതനക്കാരായ തൊഴിലാളികളുടെ വേതനം 150 രൂപയിൽ നിന്ന് 180 രൂപയായി സർക്കാർ വർദ്ധിപ്പിച്ചിട്ടുണ്ട്. ആ കാര്യത്തിൽ ഫിനാൻസ് ഡിപ്പാർട്ടുമെന്റിന്റെ ഉത്തരവുമുണ്ട്. ഇത് കൃഷി വകുപ്പിൽ നടപ്പാക്കി. മൃഗസംരക്ഷണ വകുപ്പിലെ ഫാമുകളിൽ ഇതുവരെ നടപ്പാക്കിയിട്ടില്ല. അടിയന്തിരമായി ഈ പാവപ്പെട്ട തൊഴിലാളികൾക്കുവേണ്ടി അത് നടപ്പാക്കണം. ഫാമിൽ തൊഴിലാളികൾ ഇല്ലാതാകുന്ന സ്ഥിതിയുണ്ട്. ഇപ്പോൾ 150 രൂപയ്ക്കൊന്നും ആരും പണിയെടുക്കാൻ വരുന്നില്ല. മിനിമം 180 രൂപ എന്നുള്ളത് മൃഗസംരക്ഷണ വകുപ്പിന്റെ ഫാമുകളിൽ നടപ്പാക്കാൻ അങ്ങ് അടിയന്തിരമായി ഇടപെടുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. ദിവാകരൻ: സർ, ഇതുമായി ബന്ധപ്പെട്ട ചോദ്യമല്ല. ഒരു തൊഴിൽ പ്രശ്നമാണ്. എന്നാലും അങ്ങയുടെ ആവശ്യം പരിഗണിക്കുന്നതാണ്. അത് പരിശോധിച്ചുകൊണ്ടിരിക്കുന്നു. അത് നടപ്പിലാക്കും.

ശ്രീ. എം. ഉമ്മർ: സർ, കേരളത്തിലെ ക്ഷീര കർഷകരിൽ അധികവും ഒറ്റ പശുവിനെ വളർത്തുന്ന ആളുകളാണ്. ഈ ഗവൺമെന്റ് നിയമിച്ച ഹാലി കമ്മിറ്റി, ആറംഗ കമ്മിറ്റി ഒറ്റ പശു വളർത്തുന്ന ആളുകൾക്ക് 50% സബ്സിഡി നിരക്കിൽ രണ്ടാമത് ഒരു പശുവിനെക്കൂടി കൊടുക്കുവാനും ഒരു വർഷത്തിൽ അയ്യായിരം മുതൽ പതിനയ്യായിരം വരെ പശുക്കളെ വിതരണം ചെയ്യാനുമുള്ള ഒരു പദ്ധതി സംബന്ധിച്ച് റെക്കമെൻഡ് ചെയ്തിട്ടുണ്ട്. അത് വല്ലതും നടപ്പിലാക്കിയിട്ടുണ്ടോ? വളരെ ആകർഷണീയമായ ഒരു നിർദ്ദേശമാണ്. അത് നടപ്പിലാക്കിയിട്ടുണ്ടോ എന്ന് അറിയണം?

ശ്രീ. സി. ദിവാകരൻ: സർ, ആ പദ്ധതി ഓരോ ഘട്ടമായി നടപ്പാക്കി കൊണ്ടിരിക്കുകയാണ്. രണ്ടു പശുക്കൾ, നാല് പശുക്കൾ, പത്ത് പശുക്കളുള്ള യൂണിറ്റുകൾ, മിൽക്ക്ഷെഡ് സ്കീം എന്നുള്ള നിലയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. അൽഫോൺസ് കണ്ണന്താനം: സർ, ഞാൻ പഴയ ഒരു പാൽ കച്ചവടക്കാരനായിരുന്നു. മിൽമയുടെ എം.ഡി.-യും കെ.എൽ.ഡി.എം.എം. ബോർഡിന്റെ മാനേജിംഗ് ഡയറക്ടറുമായിരുന്നു. അങ്ങയോട് ഒരു ചോദ്യം. അങ്ങ് മുന്ന് ഹൈടെക് ഫാമുകൾ തുടങ്ങുന്നുവെന്ന് പറഞ്ഞു. ലോകത്തെല്ലാം അംഗീകരിച്ചിരിക്കുന്ന ഒരു തിയറിയാണ് നമ്മുടെ കാലാവസ്ഥയ്ക്ക് യോജിച്ച പശുക്കളെ വളർത്തണമെന്നത്. അങ്ങ് ഇപ്പോൾ ഇവിടെ കൊണ്ടുവരാൻ പോകുന്ന ഹോൾസ്റ്റെൽ ബ്രീഡ് ഓസ്ട്രിയ, ജർമ്മനി, സിറ്റ്സർലാന്റ് പോലെ തണുപ്പുള്ള സ്ഥലങ്ങളിൽ വളർത്തുന്ന പശുക്കളാണ്. ഈ പശുക്കളെ ഇവിടെ കൊണ്ടുവന്നാൽ അവ ചത്തുപോകും. കാരണം എന്നും നമ്മൾ അംഗീകരിച്ച ഒരു തിയറിയായിരുന്നു അറുപത്തിയാറ് ശതമാനത്തിൽ കൂടുതൽ എക്സോട്ടിക്ക് ബ്രീഡ് പാടില്ലായെന്നത്. ആ തിയറി മാറ്റിയോ? പുതിയ ബ്രീഡുകൾ വന്നാൽ നമ്മുടെ ഈ ചൂടുള്ള കാലാവസ്ഥയിൽ എങ്ങനെയാണ് ജീവിക്കാൻ പോകുന്നത്?

ശ്രീ. സി. ദിവാകരൻ: സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത് ബ്രീഡിംഗ് പോളിസിയാണ്. 2008-ൽ ബ്രീഡിംഗിന് പുതിയ പോളിസി ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ട്. ശാസ്ത്രജ്ഞന്മാരുമായിട്ട് ഇവിടെ ആലോചനയും വർക്ക്ഷോപ്പുമെല്ലാം നടത്തിയിട്ടാണ് ബ്രീഡിംഗ് പോളിസിക്ക് രൂപം നൽകിയിട്ടുള്ളത്. യൂറോപ്പിലെ തണുപ്പ് ഉണ്ടെങ്കിൽ മാത്രമേ പശുക്കൾ ഇവിടെ വളരുന്നുള്ളു. അങ്ങേക്ക് അറിയാമല്ലോ മുന്നാർ, കോലാഹലമേട്, മാട്ടുപ്പെട്ടി എല്ലാം നല്ല തണുപ്പുള്ള സ്ഥലങ്ങളാണ്. അവിടെയൊക്കെയാണ് ഇത് കേന്ദ്രീകരിക്കാൻ പോകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശിവദാസൻ നായർ: സർ, നമ്മുടെ കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ ധാരാളം പണം ചെലവഴിക്കുന്നുണ്ടെങ്കിൽ പോലും പാലിന്റെ ഉൽപ്പാദനം വർദ്ധിക്കുന്നില്ലായെന്നുള്ളതാണ് നമ്മുടെ അനുഭവം. സംസ്ഥാനത്ത് സഹകരണ സംഘങ്ങളാണ് പാൽ ഉൽപ്പാദന മേഖലയിലും ക്ഷീര കർഷകരെ സംഘടിപ്പിക്കുന്നതിലും ഏറ്റവും ഫലപ്രദമായി പ്രവർത്തിക്കുന്നത്. അതിനകത്ത് മിൽമയുടെയും ഡിപ്പാർട്ടുമെന്റിന്റെയും കീഴിലുള്ള സംഘങ്ങളുണ്ട്. ഈ സംഘങ്ങളെ ശക്തിപ്പെടുത്തണം. ഇപ്പോൾ പലവിധ കാരണങ്ങളാൽ ഈ സംഘങ്ങൾ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. ഈ സംഘങ്ങളെ ശക്തിപ്പെടുത്തി ക്ഷീര കർഷകരെ സഹായിക്കുന്നതിന് ആക്കം കൂട്ടാൻ എന്ത് നടപടികളാണ് കൈക്കൊള്ളുന്നത്?

ശ്രീ. സി. ദിവാകരൻ: സർ, ബഹുമാനപ്പെട്ട അംഗം പാൽ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നില്ല, വർദ്ധിക്കുന്നില്ല എന്ന് പറയുന്നത് ഗവൺമെന്റ് അംഗീകരിച്ച പ്രസിദ്ധീകരിച്ച കണക്കുകൾക്ക് വിരുദ്ധമായിട്ടാണ്. ഇക്കണോമിക് റിവ്യൂവിൽ തന്നെ പറയുന്നത് ഇപ്പോൾ പ്രതിദിനം ഒമ്പത് ലക്ഷം ലിറ്റർ പാൽ ഉൽപ്പാദനം വർദ്ധിച്ചിട്ടുണ്ട് എന്നാണ്.

ശ്രീ. കെ. ശിവദാസൻ നായർ: പാൽ ക്ഷാമത്തെക്കുറിച്ചാണ് പറഞ്ഞത്.

ശ്രീ. സി. ദിവാകരൻ: സർ, ശ്രീ. കെ. ശിവദാസൻ നായർ എല്ലാ കാര്യത്തിലും ബഹളം വയ്ക്കാതെ പറയുന്നത് ദയവായി കേൾക്കുക. ഒമ്പത് ലക്ഷം ലിറ്റർ പാൽ ഉൽപ്പാദനം വർദ്ധിച്ചിട്ടുണ്ട്. പക്ഷേ കേരളത്തിൽ അതോടൊപ്പം തന്നെ ഡിമാൻഡും കൂടിക്കൊണ്ടിരിക്കുകയാണ്. പാൽ ഉൽപ്പാദനം നടത്തുന്നത് സഹകരണ സംഘങ്ങൾ അല്ല, മിൽമയല്ല. അവർക്ക് പാൽ ഉൽപ്പാദനത്തിൽ ഒരു പങ്കുമില്ല. അവർക്ക് പ്രോസസ്-കം-ഡിസ്ട്രിബ്യൂഷൻ മാത്രമേയുള്ളു. സഹകരണ സംഘം കാര്യക്ഷമമായി പ്രവർത്തിപ്പിക്കാൻ. ഇരുപത്തിഅയ്യായിരം. മുപ്പതിനായിരം രൂപവച്ച് വിതരണം ചെയ്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. സി. കെ. പി. പത്മനാഭൻ: സർ, വീട്ടുമുറ്റത്തെ കോഴി വളർത്തൽ പദ്ധതി പ്രകാരം എന്റെ മണ്ഡലത്തിൽ 2000 വീടുകൾക്ക് കോഴിയെ കൊടുത്തിട്ടുണ്ട്. കോഴി ലഭിച്ച വീട്ടമ്മമാരെ വിളിച്ചുചേർത്തു. അപ്പോൾ അവർ അനുഭവം വിശദീകരിച്ചു. രാവിലെ ആറ് മുതൽ വൈകുന്നേരം ആറ് വരെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന യന്ത്രം പോലെയാണ് ഈ കോഴികൾ. ഇവ ചപ്പുചവറുകളും അഴുക്കുവെള്ളവും ചികയുന്നു. ഇതിന്റെ ഫലമായി ചിതൽ ശല്യവും, കൊതുകു ശല്യവും കുറഞ്ഞിട്ടുണ്ട്. കൊതുകിന്റെ ശല്യം പരിഹരിക്കാൻ ഇത് ഒരു മാർഗ്ഗമായിട്ടാണ് ഞാൻ കാണുന്നത്. അതുകൊണ്ട് താല്പര്യമുള്ള മുഴുവൻ കുടുംബങ്ങളേയും എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെ കോഴി വളർത്താൻ സഹായിക്കുന്ന പദ്ധതി ഗവൺമെന്റ് പ്രഖ്യാപിക്കുമോ?.

ശ്രീ. സി. ദിവാകരൻ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയാണ്. ഇപ്പോൾ കേരളത്തിൽ തെരഞ്ഞെടുക്കപ്പെട്ട ചില പഞ്ചായത്തുകളിൽ എ.പി.എൽ./ബി.പി.എൽ വ്യത്യാസം കൂടാതെ കോഴികളെ വിതരണം ചെയ്തുകൊണ്ടിരിക്കുകയാണ്. ഇവിടെയിരിക്കുന്ന പല സാമാജികന്മാരുടെയും മണ്ഡലങ്ങളിൽ ആ പദ്ധതി വ്യാപകമാക്കാൻ പോകുകയാണ്.

ശ്രീ. കെ. പി. മോഹനൻ: സർ, അങ്ങ് ശ്രീ. വി. ഡി. സതീശന്റെ ചോദ്യത്തിന് ഉത്തരമായി സബ്സിഡിയെക്കുറിച്ച് പറഞ്ഞു. പലപ്പോഴായി ബാങ്കിൽ നിന്നും ലോൺ എടുക്കുന്നവർക്കാണ് സബ്സിഡി നൽകുന്നത്. പശുക്കളെ വാങ്ങുന്ന ആളുകളെ പ്രോത്സാഹിപ്പിക്കാൻ വേണ്ടി സബ്സിഡി നൽകാനുള്ള നടപടി സ്വീകരിക്കാറുണ്ട്. ബാങ്ക് ലോൺ എടുക്കുന്നവർക്ക് മാത്രമേ സബ്സിഡി നൽകാറുള്ളോ? അതോടൊപ്പം തന്നെ കാലിത്തീറ്റയും.

ശ്രീ. സി. ദിവകാരൻ : സർ, ബാങ്ക് ലോണായി 25,000 രൂപയ്ക്ക് പശുക്കളെ വാങ്ങുന്നവർക്ക് 12,500 രൂപ ഗ്രാന്റ് കൊടുക്കുന്നുണ്ട്. പക്ഷേ പശുവിനെ വാങ്ങുന്നവർക്ക് ആ 12,500 രൂപ ഉടനെ കൊടുക്കേണ്ട ആവശ്യമില്ല. ഉദ്യോഗസ്ഥർ തന്നെ നെഗോഷ്യേറ്റ് ചെയ്ത് ലോൺ അവൈലബിളാക്കി കൊടുക്കുകയാണ്. ഉടമസ്ഥനുമായി അന്യസംസ്ഥാനങ്ങളിൽ പോയി ഉദ്യോഗസ്ഥർ പരിശോധിച്ചാണ് പശുവിനെ തെരഞ്ഞെടുക്കുന്നത്. അതിന് കൃത്യമായ സംവിധാനമാണ് ഉള്ളത്.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, പാൽ ഉൽപ്പാദനമേഖലയിൽ വലിയ മുന്നേറ്റമാണ് നടത്തിയതെന്ന് മന്ത്രി ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഉൽപ്പാദനം വർദ്ധിക്കുന്നതിനനുസരിച്ച് വിതരണ മേഖലയിലും വലിയ പ്രശ്നങ്ങളുണ്ടാകുന്നുണ്ട്. അങ്ങനെ വരുമ്പോൾ ഇതിന്റെ ക്വാളിറ്റി ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? പ്രത്യേകിച്ച് മിൽമ വിതരണം ചെയ്യുന്ന പാലിൽ ഐ.എസ്.ഐ. ബ്രാൻഡിന്റെ മുദ്രയോ ഹാൾമാർക്ക് മുദ്രയോ ഇല്ല എന്ന കാര്യവും അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ക്വാളിറ്റി ഉറപ്പുവരുത്താനാവശ്യമായ നടപടികൾ സ്വീകരിക്കുക. വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്ന പാലിൽപോലും ഇത്തരം മാർക്കുകളില്ല എന്ന പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. സി. ദിവാകരൻ: സർ, ഇതുവരെ മിൽമ പാലിനെക്കുറിച്ച് യാതൊരു പരാതിയും കേരളത്തിൽ ഉണ്ടായിട്ടില്ല. ഔദ്യോഗികമായി, ആധികാരികമായി സയന്റിസ്റ്റുകളോ പരിശോധനക്കാരോ ഒന്നും തന്നെ പറഞ്ഞിട്ടില്ല. അങ്ങനെ എന്തെങ്കിലും ശ്രദ്ധയിൽപ്പെട്ടാൽ അത് പരിശോധിക്കാം. പിന്നെ ബ്രാൻഡ് കിട്ടുന്നില്ല എന്നുപറഞ്ഞു. ബ്രാൻഡ് കിട്ടുന്നതിനുവേണ്ടി ആലോചിക്കാം. അത് വലിയ പ്രശ്നമൊന്നുമല്ല

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, മുട്ടയും പാലും കിട്ടുന്നതിനെ കുറിച്ചാണ് ഇവിടെ പറഞ്ഞത്. കേരളത്തിലെ നല്ലൊരു ജനവിഭാഗം ഇറച്ചി കഴിക്കുന്നവരാണ്. സംസ്ഥാനത്ത് നല്ല ഇറച്ചി നൽകുക എന്നുള്ള ബാദ്ധ്യതകൂടി ഗവൺമെന്റിനുണ്ട്. ഇപ്പോൾ തമിഴ്നാട്ടിൽ നിന്നും കൊണ്ടുവരുന്ന കന്നുകാലികളിൽ പലതും രോഗം ബാധിച്ചതും ഭക്ഷ്യയോഗ്യമല്ലാത്തവയുമാണ്. അതുകൊണ്ട് ഇവിടെ വിതരണം ചെയ്യുന്ന മാംസത്തിന്റെ ക്വാളിറ്റി ഉറപ്പുവരുത്തണം. വളരെ ആരോഗ്യകരമായ ഒരു അന്തരീക്ഷത്തിലായിരിക്കണം, നല്ല അറവുശാലയിലായിരിക്കണം, എന്നിവയൊക്കെ ഉറപ്പുവരുത്താനും നല്ല കന്നുകാലികളെ കേരളത്തിൽ തന്നെ ഉൽപ്പാദിപ്പിക്കാനും കഴിയുന്ന വിധത്തിലുള്ള പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. ദിവാകരൻ: സർ, ബഹുമാനപ്പെട്ട അബ്ദുറഹിമാൻ രണ്ടത്താണി പറഞ്ഞത് വളരെ ശരിയാണ്. കേരളത്തിൽ എൺപത് എൺപത്തിയഞ്ച് ശതമാനം ആളുകൾ മാംസം ഉപയോഗിക്കുന്നുണ്ട്. അതിനാവശ്യമായ മാംസത്തിന്റെ ഉൽപ്പാദനമിവിടെയില്ല. ഉൽപ്പാദനം മെല്ലെ കൂടിക്കൊണ്ടിരിക്കുകയാണ്. പൊതുമേഖലയിൽ മാംസ കച്ചവടത്തിന് ആകെയുള്ളത് മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യാ എന്ന് പറയുന്ന സ്ഥാപനമാണ്. അവർ തന്നെ വളരെ പരിമിതമായിട്ടാണ് ഉൽപ്പാദനം നടത്തുന്നത്. അതുകൊണ്ട് ചാലക്കുടിയിൽ എം.പി.ഐ.-യുടെ നിയന്ത്രണത്തിലുള്ള പതിനേഴ് ഏക്കർ സ്ഥലത്ത് സംയുക്തമായി 20 കോടി രൂപ മുലധനം നിക്ഷേപിച്ചുകൊണ്ട് കേരളത്തിൽ ആധുനികമായ ഒരു മീറ്റ് പ്രോഡക്ട്സ് സെന്റർ പ്രവർത്തനം ആരംഭിക്കാൻ സർക്കാർ നടപടികൾ ആരംഭിച്ചിരിക്കുകയാണ്.

ശ്രീമതി ജെ. അരുന്ധതി: സർ, കെപ്കോ വഴി വിതരണം ചെയ്യുന്ന ഇറച്ചി വളരെ ഗുണകരമായിട്ടുള്ളതാണ്. പക്ഷേ അതിന്റെ വില വളരെ കൂടുതലാണ്. ആ വില കുറച്ചുകൊണ്ട് നേരത്തെ ശ്രീ. കെ. രാജു പറഞ്ഞതുപോലെ എല്ലാ താലൂക്കുകളിലും കെപ്കോയുടെ ബ്രാഞ്ച് തുടങ്ങാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. സി. ദിവാകരൻ: സർ, ബഹുമാനപ്പെട്ട അംഗം പറയുന്നതുപോലെയല്ല. വില സാധാരണ കമ്പോളത്തിലുള്ളതിനേക്കാൾ വളരെ കുറവാണ്. ഇനിയും അത് കുറയ്ക്കുന്ന കാര്യം ആലോചിക്കാം.

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, സംസ്ഥാനത്ത് കുടുംബശ്രീ വളരെ വിജയകരമായ പല പദ്ധതികളും നടപ്പാക്കിവരികയാണ്. കുടുംബശ്രീ മുഖേന പാൽ, മുട്ട, ഇറച്ചി എന്നിവയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ പ്രത്യേക പദ്ധതിക്ക് രൂപം നൽകി നടപ്പാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. സി. ദിവാകരൻ: സർ, തീർച്ചയായും കുടുംബശ്രീ അത്തരം നിർദ്ദേശങ്ങളോ പ്രോജക്ടോ ആയി വന്നാൽ ഡിപ്പാർട്ട്മെന്റിലെ എല്ലാ സഹായങ്ങളും അവർക്ക് കൊടുക്കുന്നതാണ്, അവരെ സഹായിക്കുന്നതാണ്.

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, ക്ഷീരകർഷകരെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ കാലഘട്ടങ്ങളെ അപേക്ഷിച്ച് മെച്ചപ്പെട്ട പാലിന് വില ലഭിക്കുന്നുണ്ടെങ്കിലും അവർ വളരെയധികം വിഷമത്തിലാണ്. അതുകൊണ്ട് അവരെ സഹായിക്കുന്നതിനാണ് രണ്ടു രൂപയ്ക്ക് ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യാൻ തീരുമാനിച്ചിരുന്നത്. വ്യക്തമായ മാനദണ്ഡങ്ങൾ ഇല്ല എന്നു പറഞ്ഞ് സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥർ കൃഷിക്കാർക്ക് ഇപ്പോൾ നിലവിൽ രണ്ടു രൂപയ്ക്കുള്ള ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നില്ല. അടിയന്തിരമായി മാനദണ്ഡങ്ങളിൽ ഇളവു നൽകി ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. സി. ദിവാകരൻ: സർ, സർക്കാർ തീരുമാനം നിലവിലുണ്ട്. അത് ഇംപ്ലിമെന്റു ചെയ്യുന്നതിനെ സംബന്ധിച്ച് പരാതികളുണ്ട്. അത് പരിശോധിച്ച് നടപടികളെടുക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. എസ്. സലീഖ: സർ, സംസ്ഥാനത്ത് കഴിഞ്ഞ അഞ്ചു വർഷക്കാലയളവിനുള്ളിൽ പാൽ, മുട്ട, ഇറച്ചി എന്നീ ലൈവ്സ്റ്റോക്ക് ഉല്പന്നങ്ങളുടെ ഉല്പാദനത്തിൽ കാതലായ പുരോഗതിയുണ്ടായിട്ടുണ്ട് എന്ന് നമുക്കറിയാം. അതിന് ഉദാഹരണമായി 2005-ൽ പാലുല്പാദനം 20.63 ലക്ഷം മെട്രിക് ടൺ ഉണ്ടായിരുന്നത് 2011 ആയപ്പോൾ 29 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയാണ് പാലുല്പാദനത്തിന്റെ കാര്യത്തിൽ കേരളത്തിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്നത്. ധാരാളം കേന്ദ്ര പദ്ധതികൾ വിദർഭ ആയാലും അതുപോലെ ആർ.കെ.വി.വൈ. പദ്ധതിയായാലും നടപ്പാക്കുന്നുണ്ട്. അതിന്റെ ഭാഗമായി ഇപ്പോൾ 25 പുതിയ ക്ഷീരസംഘങ്ങൾ രൂപീകരിക്കുമെന്ന് പറഞ്ഞിട്ടുണ്ട്. അത് പാലുല്പാദനം ഏറ്റവും കൂടുതൽ നടക്കുന്ന പാലക്കാട് ജില്ലയിൽ കൂടുതൽ എണ്ണം നൽകുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. സി. ദിവാകരൻ: സർ, തീർച്ചയായും പാലക്കാട് ജില്ലയ്ക്ക് പുതിയ സംരംഭത്തിലെ എല്ലാ ആനുകൂല്യവും എല്ലാ സഹായവും ഗവൺമെന്റ് നൽകുന്നതാണ്.

ശ്രീ. വർക്കല കഹാർ: സർ, ഏറ്റവും കൂടുതൽ ക്യാൻസർ രോഗം പകുന്നത് മാംസാഹാരം കൂടുതൽ കഴിക്കുന്ന ആളുകളിലാണെന്ന് ആരോഗ്യ വകുപ്പിന്റെ കണക്കിൽ പറഞ്ഞു. ഇതിന് ഒരു പ്രധാനപ്പെട്ട കാരണം, തമിഴ്നാട്ടിൽ നിന്ന് ചകിരിക്കോഴി എന്നു പറഞ്ഞ് മുട്ടയിട്ട് വളരെയേറെ പ്രായമായ കോഴിയെ കൊണ്ടുവന്നാൽ ഇവിടെ വില കുറച്ച് വിൽക്കാൻ പറ്റും. അതുപോലെതന്നെ വളരെ പ്രായം കൂടിയ കാലികളെ ഇങ്ങനെ കൊണ്ടുവരുന്നുണ്ട്. തമിഴ്നാട്ടിൽ നിന്നുവരുന്ന പാലാണെങ്കിൽ പകുതി വിലയ്ക്ക് കിട്ടും. ചായക്കടക്കാർക്ക് കൂടുതൽ ചായ ഉണ്ടാക്കാനും അത് പ്രയോജനപ്രദമാകും. അപ്പോൾ ഇത് രണ്ടിന്റെയും വരവ് ചിലയാളുകളെ സംബന്ധിച്ചിടത്തോളം ആകർഷകമാണ്. നമ്മുടെ ആരോഗ്യരക്ഷ കൂടി പരിഗണിച്ച് രണ്ടിന്റെയും വരവ് തടയുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?.

ശ്രീ. സി. ദിവാകരൻ: സർ, ഇത് വളരെ അപകടകരമായ ഒരു കാര്യമാണ്. കാരണം കേരളത്തിനാവശ്യമായ പാലില്ല, മുട്ടയും മാംസവുമില്ല. ചെക്പോസ്റ്റുകളിൽ ഇത് പരിശോധിക്കുന്നതിനാവശ്യമായ സംവിധാനങ്ങളുണ്ട്. കന്നുകാലികളെ പരിശോധിക്കാൻ വെറ്ററിനറി ഡോക്ടർമാരെ നിർത്തിയിട്ടുണ്ട്. അതിന്റെ കാതിൽ ക്ലിപ്പിടുന്നുണ്ട്. അത് പരിശോധിച്ചതിനുശേഷം സർട്ടിഫൈ ചെയ്യുന്നുണ്ട്. അങ്ങനെ അല്ലാത്തതിനെയെല്ലാം പിടിക്കുന്നുണ്ട്, തമിഴ്നാട്ടിലേക്ക് തിരിച്ചയയ്ക്കുന്നുമുണ്ട്. അതുപോലെതന്നെ ബോർഡറിൽ വച്ച് പാൽ പരിശോധിക്കുന്നുണ്ട്. പരിശോധനയിൽ പിശകു കണ്ടാൽ പാൽ ടാങ്കറോടുകൂടി അങ്ങോട്ട് തിരിച്ചയയ്ക്കുകയാണ്. പിന്നെ വേറെ വല്ല വഴിയിൽ കൂടി വരുന്നുണ്ടോ എന്ന് അറിയാൻ പറ്റില്ല. ചെക്പോസ്റ്റുകൾ വഴി വരുന്ന വാഹനമെല്ലാം പരിശോധിക്കുന്നുണ്ട്.

ശ്രീ. പി. ജയരാജൻ: സർ, കേരളത്തിലെ പാലുല്പാദനത്തിൽ ഏറിയ പങ്കും ഒരു പശുവിനെ വളർത്തിയും പരമ്പരാഗത രീതിയിൽ പശുക്കളെ പോറ്റിയുമാണ് ഉല്പാദിപ്പിക്കുന്നത്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി ഹൈടെക് ഡയറി സംരംഭങ്ങൾ പൊതുമേഖലയിൽ ആരംഭിക്കുന്നതിന് ആവശ്യമായ

സഹായങ്ങൾ ഗവൺമെന്റ് ചെയ്യുമെന്ന് പറഞ്ഞു. സ്വകാര്യമേഖലയ്ക്ക് കൂടി ഹൈടെക് ക്ഷീരോല്പാദനം നടത്തുന്നതിനുവേണ്ടിയുള്ള സംരംഭങ്ങൾക്ക് ആവശ്യമായ പ്രോത്സാഹനം നൽകാൻ ഗവൺമെന്റ് സന്നദ്ധമാകുമോ?

ശ്രീ. സി. ദിവാകരൻ: സർ, ബഹുമാനപ്പെട്ട പി. ജയരാജൻ പറഞ്ഞത് ശരിയാണ്. എൻ.ആർ.ഐ.-ക്കാരായ ധാരാളം ചെറുപ്പക്കാർ ഹൈടെക് ഡയറി തുടങ്ങാൻ വേണ്ടി ഗവൺമെന്റിനെ സമീപിച്ചിട്ടുണ്ട്. നാലോ അഞ്ചോ പ്രോജക്ടുകൾ ഇപ്പോൾ ഗവൺമെന്റ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. അവർ ആകെ ഡിമാന്റ് ചെയ്യുന്നത് സ്ഥലം മാത്രമാണ്. സ്ഥലത്തിന്റെ കാര്യത്തിലാണ് കേരളത്തിൽ നമുക്ക് വളരെ പ്രയാസമുള്ളത്. ഏതായാലും അവരെ പ്രോത്സാഹിപ്പിക്കും. അതിനാവശ്യമായ സഹായം ചെയ്തുകൊടുക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. മാത്യു ടി. തോമസ്: സർ, മുട്ട, ഇറച്ചി തുടങ്ങിയ കാര്യങ്ങളെ പറ്റി പറയുമ്പോൾ സാധാരണയായി കോഴിമുട്ടയിലേക്ക് നമ്മൾ പരിമിതപ്പെടുകയാണ്. കോഴിയിറച്ചിയും കോഴിമുട്ടയും കഴിക്കാൻ ബുദ്ധിമുട്ടുള്ള, പുറത്തു പറയാൻ ഇഷ്ടപ്പെടാത്ത അസുഖമുള്ള പല ആളുകളുമുണ്ട്. അവർക്ക് നമ്മുടെ നാട്ടിൽ വളരെ ലഭ്യമാവുന്ന ഒരു ഇറച്ചിയാണ് താറാവിറച്ചി. പക്ഷേ താറാവ് കൃഷി ഇന്ന് അധോഗതിയിലാണ്. താറാവുമുട്ടയുടെ ഉല്പാദനം എത്രമാത്രം വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്, താറാവുകൃഷി കൂടുതൽ വിപുലമാക്കാൻ എന്തെങ്കിലും നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുമോ?

ശ്രീ. സി. ദിവാകരൻ: സർ, ബഹുമാനപ്പെട്ട അങ്ങയുടെ ജില്ലയിൽ അനിമൽ ഹസ്ബന്ററി ഡിപ്പാർട്ട്മെന്റിന്റെ കീഴിൽ നിരണത്ത് താറാവുകളെ വളർത്തി മുട്ട ഉല്പാദിപ്പിച്ച് താറാവുകുഞ്ഞുങ്ങളെ വിതരണം ചെയ്യുന്ന ഒരു സ്ഥലമുണ്ട്. അത് വ്യാപകമായി കുട്ടനാട്ടിൽ നമ്മൾ പ്രചരിപ്പിക്കുന്നുണ്ട്. പക്ഷേ എപ്പോഴും വെള്ളവും ചെളിയുമൊക്കെയുള്ള സ്ഥലത്തു മാത്രമേ താറാവിനെ വളർത്താൻ പറ്റൂ. അതിന്റെയൊരു ബുദ്ധിമുട്ടുണ്ട്.താറാവുല്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി കഴിയുന്നത്ര ഗവൺമെന്റ് ശ്രദ്ധിക്കുന്നതാണ്.

സ്മാർട്ട് സിറ്റി സംബന്ധിച്ച തർക്കങ്ങൾ

2*(152) ശ്രീ. ജോസഫ് എം. പുതുശ്ശേരി
ശ്രീ. പി. സി. ജോർജ്
ശ്രീ. റോഷി അഗസ്റ്റിൻ
ശ്രീ. തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് സിറ്റി പദ്ധതിക്ക് എന്നാണ് തുടക്കം കുറിച്ചത്;

(ബി) ഏത് സർക്കാരാണ് പ്രസ്തുത പദ്ധതി ആദ്യമായി മുന്നോട്ടു വച്ചത്;

(സി) ആകെ എത്ര ഏക്കർ ഭൂമിയാണ് ഇതിനായി എടുത്തിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

17-2-2011-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം 1 (*.151) -ന്റെ ഉത്തരം ദയവായി കാണുക.

സംസ്ഥാനത്ത് പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി താഴെ പറയുന്ന പ്രധാനപ്പെട്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. (2006-07 മുതൽ 2010-11 വരെ):

1. അയൽ സംസ്ഥാനങ്ങളിൽ നിന്നും മികച്ച ഇനം കറവപ്പശുക്കളെ കൊണ്ടു വരുന്ന നടപടി. (28.69 കോടി രൂപ)

2. ക്ഷീരോല്പാദന വർദ്ധനവിനായി നടപ്പ് സാമ്പത്തിക വർഷം മൃഗസംരക്ഷണ വകുപ്പ് ഭക്ഷ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.(22 കോടി രൂപ):

(i) പശു, എരുമ സംയോജിത പദ്ധതി (ക്ഷീരഗംഗ).

(ii) പശു, ആട് സംയോജിത പദ്ധതി- വനിതാ സ്വയം സംരംഭകർക്ക് ഒരു പശുവും രണ്ട് ആടും വീതം നൽകുന്ന പദ്ധതി.

(iii) പത്തിലധികം പശുക്കളെ വളർത്തുന്ന കർഷകർക്ക് തൊഴുത്ത് നവീകരണത്തിനായി ഗുണഭോക്താവ് ഒന്നിന് ഒരു ലക്ഷം രൂപ വീതം സഹായ ധനം നൽകുന്ന പദ്ധതി.

(iv) കർഷകരുടെ ഫാമുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഒരു കോടി രൂപ വിനിയോഗിക്കുന്ന പദ്ധതി.

(v) ജീവരേഖ-സംയോജിത കന്നുകാലിവികസന പരിപാടി.

3. കന്നുകാലി പ്രജനന പ്രവർത്തനങ്ങൾ. (6 കോടി രൂപ)

4. കന്നുകാലികളുടെ ആരോഗ്യ സംരക്ഷണ പരിപാടികൾ. (17 കോടി രൂപ)

5. പച്ചപ്പുല്ലിന്റെ ലഭ്യത വർദ്ധിപ്പിക്കുന്നതിനായി ക്ഷീരവികസന വകുപ്പ്. കെ.എൽ.ഡി. ബോർഡ്, മൃഗസംരക്ഷണ വകുപ്പ് എന്നീ വകുപ്പുകൾ വഴി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. (15 കോടി രൂപ)

6. ഗുണനിലവാരമുള്ള കാലിത്തീറ്റയുടെ ലഭ്യത വർദ്ധിപ്പിക്കുന്നതിനായി, മിൽമ, കേരള ഫീഡ്സ് തുടങ്ങിയ സഹകരണ/സർക്കാർ കാലിത്തീറ്റ ഉല്പാദന കേന്ദ്രങ്ങളുടെ ഉൽപ്പാദന സംഭരണ ശേഷി വർദ്ധിപ്പിച്ചു. സംസ്ഥാനത്ത് കേരള ഫീഡ്സിന്റെ ആഭിമുഖ്യത്തിൽ 52 കോടി രൂപ ചെലവിൽ 300 MT ശേഷിയുള്ള പുതിയ കാലിത്തീറ്റ പ്ലാന്റും ഫോഡർ നിർമ്മാണ യൂണിറ്റും സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചു.

7. കറവ പശുക്കൾക്ക് വിര മരുന്നുകൾ, ധാതുലവണ മിശ്രിതം എന്നിവ മൃഗസംരക്ഷണ വകുപ്പ് മുഖേന വിതരണം ചെയ്തു വരുന്നു.

8. മൃഗസംരക്ഷണ വകുപ്പിന്റെയും ക്ഷീരവികസന വകുപ്പിന്റെയും ആഭിമുഖ്യത്തിൽ ശാസ്ത്രീയ കന്നുകാലി പരിശീലന സമ്പ്രദായങ്ങളെക്കുറിച്ച് കർഷകർക്ക് അറിവ് പകർന്നു നൽകുന്നതിനായി പരിശീലന പരിപാടികൾ, സെമിനാറുകൾ, പ്രദർശനങ്ങൾ എന്നിവ വ്യാപകമായി നടപ്പിലാക്കി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

9. കറവപ്പശുക്കളുടെ സംരക്ഷണത്തിനായി പതിനൊന്ന് ജില്ലകളിൽ കേന്ദ്ര സഹായത്തോടെയും കാസർഗോഡ്, മലപ്പുറം, പത്തനംതിട്ട ജില്ലകളിൽ സംസ്ഥാന പദ്ധതി വിഹിതം വിനിയോഗിച്ചും കന്നുകാലികളെ സൗജന്യനിരക്കിൽ ഇൻഷ്വർ ചെയ്യുന്ന ഗോസുരക്ഷാപദ്ധതി നടപ്പിലാക്കി വരുന്നു (12 കോടി രൂപ).

10. കന്നുകാലി ഫാമുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി കൂടുതൽ കറവപ്പശുക്കളെ വളർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

11. സർക്കാരിന്റെ ഉടമസ്ഥതയിൽ ഹൈടെക് ഡയറി ഫാമുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിനടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

12. ഉൽപ്പാദനശേഷി കൂടിയ കറപ്പശുക്കളെ സൃഷ്ടിക്കുന്നതിന് ഉതകുന്ന കന്നുകുട്ടി പരിപാലന പദ്ധതി നടപ്പിലാക്കി വരുന്നു. (38.75 കോടി രൂപ).

മുട്ട ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി സർക്കാർ ഉടമസ്ഥതയിലുള്ള ഫാമുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി കൂടുതൽ മാതൃ-പിതൃ ശേഖരത്തെ വളർത്തി കൂടുതൽ മുട്ടക്കോഴികുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ച് വിതരണം നടത്തുന്നതിന് 5 കോടി രൂപ ചെലവിൽ നടപടി സ്വീകരിച്ചു. കോഴികളുടെ ആരോഗ്യ സംരക്ഷണത്തിനായി അസ്കാസ് പദ്ധതി പ്രകാരം രോഗപ്രതിരോധ കുത്തിവയ്പ്പ് നടത്തി. 2009-2010-ൽ മൃഗസംരക്ഷണ വകുപ്പിന്റെ സംയോജിത കോഴിവളർത്തൽ പദ്ധതിയിൻ കീഴിൽ 15 കോടി രൂപ ചെലവിൽ എല്ലാ ജില്ലകളിലെയും തിരഞ്ഞെടുത്ത ബ്ലോക്കുകളിലെ 4,16,864 ബി.പി.എൽ. കുടുംബങ്ങൾക്ക് 2 കേന്ദ്രവിഷ്കൃത പദ്ധതിയായ പിന്നാമ്പുറത്തെ കോഴി വളർത്തൽ പദ്ധതി പ്രകാരം ഒരുദിവസം പ്രായമായ കോഴികുഞ്ഞുങ്ങളെ 45 ദിവസം മുതൽ 60 ദിവസം വരെ വളർത്തി കർഷകർക്ക് ലഭ്യമാക്കുന്നതിനായി 1250 കോഴിക്കുഞ്ഞുങ്ങൾ ഉൾക്കൊള്ളുന്ന 25 മദർ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു.

സംസ്ഥാനത്ത് മുട്ട ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി കേരള സ്റ്റേറ്റ് poultry ഡെവലപ്മെന്റ് കോർപ്പറേഷൻ വഴി ഗ്രാമം നിറയെ കോഴി, വീട്ടുമുറ്റത്ത കോഴി, വീട്ടമ്മയുടെ അരുമക്കോഴി, കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ് തുടങ്ങിയ നിരവധി പദ്ധതികൾ 18 കോടി രൂപ ചെലവിൽ നടപ്പിലാക്കിവരുന്നു. കോഴി വളർത്തൽ തൊഴിലിൽ താൽപ്പര്യമുള്ള കർഷകർക്ക് വേണ്ടി ഇൻഗ്രേഷൻ പദ്ധതിയും നടപ്പിലാക്കി വരുന്നു. (ആകെ 18 കോടി രൂപ ചെലവിൽ ഈ പദ്ധതികൾ പൂർത്തിയാക്കി വമുന്നു.)

മൃഗസംരക്ഷണ വകുപ്പ് മാംസത്തിന്റെ ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി താഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(i) ആട്, പന്നി, മുയൽ തുടങ്ങി മാംസത്തിനായി ഉപയോഗിക്കുന്ന മൃഗങ്ങളുടെ വർദ്ധനവിനുള്ള പദ്ധതി.

(ii) കേരളാ സ്റ്റേറ്റ് poultry ഡെവലപ്മെന്റ് കോർപ്പറേഷൻ ഇറച്ചിക്കോഴി വളർത്തലിലും കെ.എൽ.ഡി.ബോർഡ്, എം.പി.ഐ. എന്നി സ്ഥാപനങ്ങൾ ആട്, പന്നി എന്നിവയുടെ ഉൽപ്പാദന വർദ്ധനവിനും നടപടി സ്വീകരിച്ചു.

(iii)കെ.എസ്.പി.ഡി.സി., എം.പി.ഐ. എന്നീ സ്ഥാപനങ്ങൾ മാംസ വിപണനത്തിലും ഏർപ്പെട്ടു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഇതു കൂടാതെ ക്ഷീരവികസന വകുപ്പിൽ പ്രത്യേകമായി നടപ്പിലാക്കിവരുന്ന പ്രധാന പദ്ധതികൾ.

1. മിൽക്ക് ഷെഡ് ഡവലപ്മെന്റ് പ്രോജക്ട് - 27 കോടി രൂപ
2. കാലിത്തീറ്റ സബ്സിഡി - 7.25 കോടി രൂപ
3. ഗ്രാമീണ വിജ്ഞാപന വ്യാപനം - 2.39 കോടി രൂപ
4. ക്ഷീരസഹകരണസംഘങ്ങൾക്ക് ധനസഹായം - 25.3 കോടി രൂപ
5. കേന്ദ്ര സഹായ പദ്ധതി.
   (a) മിൽമയ്ക്ക് നൽകുന്നത്- 19 കോടി രൂപ
   (b) സുനാമി പുനരധിവാസ പദ്ധതി - 5 കോടി രൂപ
   (c) രാഷ്ട്രീയ കൃഷി വികാസ് യോജന- 10 കോടി രൂപ
   (d) കേന്ദ്ര അധിക ധനസഹായം- 6 കോടി രൂപ.

LIBRARY ARCHIVES Kerala Legislative Assembly